പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2169 — 6-10-2016-ൽ മറുപടിക്ക്

കായിക അധ്യാപകരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ. കെ.വി.വിജയദാസ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനം കായിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്തെ ചില സർക്കാർ സ്കൂളുകളിൽ കായിക അധ്യാപകർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) സംസ്ഥാനത്തെ എത്ര സർക്കാർ സ്കൂളുകളിലാണ് കായികാധ്യാപകർ ഇല്ലാത്തത് എന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | ബി) 293 സ്കൂളുകളിൽ കായികാദ്ധ്യാപകരില്ല. കെ.ഇ.ആർ മാനദണ്ഡങ്ങൾ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും കലാ, കായിക, പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ല. അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന യു.പി.സ്കൂളുകളിൽ/യു.പി.വിഭാഗത്തിൽ, ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയും ഹൈസ്കൂൾ വിഭാഗത്തിൽ കലാ, കായിക, പ്രവൃത്തിപരിചയ വിഷയങ്ങൾക്ക് ആഴ്ചയിൽ 5 പീരീഡുകൾ എങ്കിലും ലഭ്യമാണെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നുണ്ട്. ഇപ്രകാരം റഗുലർ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുടെ അഭാവം മൂലമാണ് ഭൂരിഭാഗം സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാത്തത്. |
| സി) കായിക അധ്യാപകരില്ലാത്ത സ്കൂളുകളിൽ കായിക അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) കായികാദ്ധ്യാപകരില്ലാത്ത, 100-ൽ കൂടുതൽ വിദ്യാർത്ഥികളുള്ള യു.പി. സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ